**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി (മൃഗസംരക്ഷണ) വകുപ്പ്- ജീവനക്കാര്യം - വെറ്ററിനറി സർജൻ ഡോ.പി.എസ്.ജയകുമാറിനെതിരെയുള്ള അച്ചടക്കനടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**കൃഷി(മൃഗസംരക്ഷണ- ഇ)വകുപ്പ്**

സ.ഉ. (കൈ)നം. 32/2016/എ.എച്ച്.ഡി      തീയതി, തിരുവനന്തപുരം, 31.10.2016.

==========================================================================

പരാമർശം :

1) 25.04.2002 ലെ സ.ഉ(ആർ.റ്റി) നം.362/2002/എഡി.
2) മൃഗസംരക്ഷണ വകുപ്പ ഡയറക്ടറുടെ 11/4/2008-ലെ എക്സ്2/37043/07/വിജി. നമ്പർ നോട്ടീസ്.
3) മൃഗസംരക്ഷണ വകുപ്പ ഡയറക്ടറുടെ 10.11.2009 ലെ എക്സ്2-37043/07/ വിജി നമ്പർ കുറ്റപത്രവും, കുറ്റാരോപണപത്രികയും.
4) മൃഗസംരക്ഷണ വകുപ്പ ഡയറക്ടറുടെ 28/4/2010-ലെ എസ്.വി.സി.1/37043/07 നമ്പർ നടപടി ക്രമം
5) മൃഗസംരക്ഷണ വകുപ്പ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 28.09.2010 ലെ ഔപചാരിക അന്വേഷണ റിപ്പോർട്ട്.
6) മൃഗസംരക്ഷണ വകുപ്പ ഡയറക്ടറുടെ 16/05/2013-ലെ എസ്.വി.സി.1/ 37043/07/എം 1/ എസ്.വി.സി നമ്പർ കത്ത്.
7) 03.10.2013 ലെ എസ്.വി.സി.1/ 37043/07/എം 1/ എസ്.വി.സി നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
8) 05.08.2014 ലെ 15623 /എ.എച്ച്.ഇ 3/2013/എഡി നമ്പർ സർക്കാർ കത്ത്.
9) കേരള പബ്ലിക് സർവീസ് കമ്മീഷന്റെ 30.03.2016 -ലെ എ I (2) 10409/14/ഗ.വി നമ്പർ കത്ത്

**ഉത്തരവ്**

മൃഗസംരക്ഷണ വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ വേലൂർ വെറ്ററിനറി ഡിസ്പെൻസറിയിൽ വെറ്ററിനറി സർജനായിരിക്കെ ഡോ.പി.എസ്.ജയകുമാർ

…..........2

വിദേശത്ത് ഉപരിപഠനത്തിനായി കേരള സർവ്വീസ് റൂൾ പാർട്ട് ഒന്ന് അനുബന്ധം XII ബി അനുസരിച്ച് പരാമർശം (1) പ്രകാരം 6/5/2002 മുതൽ അഞ്ചുവർഷത്തെ ശൂന്യവേതന അവധിയിൽ പ്രവേശിച്ചു. ടി അവധി ദീർഘിപ്പിക്കുന്നതിന് ടിയാൻ തൃശ്ശൂർ ജില്ലാ മൃഗസംരക്ഷണ ഓഫീസർ മുഖേന അപേക്ഷിച്ചിരുന്നുവെങ്കിലും മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ വിദർഭ മോഡൽ പാക്കേജ് പദ്ധതി നടപ്പാക്കുന്ന സാഹചര്യത്തിൽ അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ അനുവദനീയമല്ലെന്ന് തൃശ്ശൂർ ജില്ലാ മൃഗസംരക്ഷണ ഓഫീസർ മുഖാന്തിരം ടിയാനെ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു. അവധി അവസാനിച്ച മുറയ്ക്ക് ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് തൃശ്ശൂർ ജില്ലാ മൃഗസംരക്ഷണ ഓഫീസർ ടിയാനോട് രേഖാമൂലം അറിയിച്ചിട്ടും ജോലിയിൽ പ്രവേശിക്കുകയുണ്ടായില്ല. തുടർന്ന് ടിയാനോട് അടിയന്തിരമായി ജോലിയിൽ പ്രവേശിക്കുന്നതിനും അല്ലാത്തപക്ഷം 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും ചട്ടം) പ്രകാരം നടപടി സ്വീകരിക്കുന്നതായിരിക്കുമെന്ന് പരാമർശം (2) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ടിയാളുടെ നാട്ടിലേയും വിദേശത്തെയും ലഭ്യമായ മേൽവിലാസത്തിൽ നോട്ടീസ് അയച്ചിരുന്നു. എന്നാൽ പ്രസ്തുത നോട്ടീസ് കൈപ്പറ്റാതെ തപാൽ അധികൃതർ തിരിച്ചയച്ചതിനാൽ ടി നോട്ടീസ് പ്രമുഖ മലയാള ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു.

2. ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്ന നോട്ടീസിന് ടിയാനിൽ നിന്നും യാതൊരു പ്രതികരണവും ഇല്ലാതിരുന്നതിനാൽ, 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും ചട്ടമനുസരിച്ച്) നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിന് പരാമർശം (3) പ്രകാരം ചാർജ്ജ് മെമ്മോയും കുറ്റാരോപണപത്രികയും ടിയാളുടെ ലഭ്യമായ മേൽവിലാസത്തിൽ രജിസ്റ്റേർഡ് തപാലായി അയച്ചിരുന്നുവെങ്കിലും. ടിയാൻ കൈപ്പറ്റാതിരുന്നതിനാൽ തപാൽ അധികൃതർ മടക്കി അയച്ചിരുന്നു. ടി വിവരം കാണിച്ച് പ്രമുഖ മലയാള ദിനപത്രങ്ങളിലും അറിയിപ്പ് പ്രസിദ്ധീകരിച്ചിരുന്നു. ഇതിനുശേഷവും ടിയാനിൽ നിന്നും യാതൊരു പ്രതികരണവും ഇല്ലാതിരുന്നതിനാൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും & അപ്പീലും) ചട്ടം 15 അനുസരിച്ച് ഔപചാരിക അന്വേഷണത്തിന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ അന്വേഷണ ഉദ്യോഗസ്ഥനായി പരാമർശം (4) പ്രകാരം നിയമിച്ച് ഉത്തരവാകുകയും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ടിയാനെ രേഖാമൂലം അറിയിച്ചിരുന്നുവെങ്കിലും ടിയാൻ ഹാജരാകുകയുണ്ടായില്ല. വിശദമായ അന്വേഷണവും തെളിവെടുപ്പും നടത്തി അന്വേഷണ ഉദ്യോഗസ്ഥൻ പരാമർശം (5) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ, ടിയാൻ വേലൂർ വെറ്ററിനറി ഡിസ്പെൻസറിയിൽ വെറ്ററിനറി സർജനായി സേവനമനുഷ്ഠിച്ച് വരവേ അമേരിക്കയിലെ ജോർജിയ സർവ്വകലാശാലയിൽ ഉപരിപഠനം

.............3

നടത്തുന്നതിനായി പരാമർശം (1) പ്രകാരം 6/5/2002 മുതൽ 5 വർഷത്തെ ശൂന്യവേതന അവധിയിൽ പ്രവേശിക്കുകയും അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നിരാകരിച്ചിട്ടും ഡോ.പി.എസ്സ്.ജയകുമാർ ജോലിയിൽ തിരികെ പ്രവേശിക്കുകയുണ്ടായില്ലെന്നും അറിയിച്ചിരുന്നു.

3. അവധി കാലാവധി അവസാനിച്ചിട്ടും ജോലിയിൽ തിരികെ പ്രവേശിക്കാതിരുന്നതും ഉത്തരവാദപ്പെട്ട സർക്കാർ ഉദ്യോഗസ്ഥനായ ഡോ.പി.എസ്.ജയകുമാർ സർക്കാർ അനുമതി ഇല്ലാതെ അനധികൃതമായി വിദേശത്തു തുടരുന്നതും, മേലുദ്യോഗസ്ഥരെ ധിക്കരിക്കുന്നതും ഗുരുതരമായ കൃത്യവിലോപവും മന:പ്പൂർവ്വമായുള്ള നിയമലംഘനവുമാണ്. എന്നതിനാൽ കേരള സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നും 6/5/2007 മുതൽ നീക്കം ചെയ്യുന്നതിന് താല്ക്കാലികമായി കൈക്കൊണ്ട തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ അത് കാണിക്കുവാൻ ടിയാനോട് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (7) പ്രകാരം കാരണം കാണിക്കൽ നോട്ടീസ്, മൃഗസംരക്ഷണ വകുപ്പ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ നടത്തിയ ഔപചാരിക അന്വേഷണറിപ്പോർട്ടിന്റെ പകർപ്പ് സഹിതം, ടിയാന് നല്കിയിരുന്നു. കാരണം കാണിക്കൽ നോട്ടീസ് ടിയാൻ കൈപ്പറ്റാതെ "Addressee Left India" എന്ന കുറിപ്പോടെ പോസ്റ്റൽ അധികാരികൾ തിരികെ അയയ്ക്കുകയും തുടർന്ന് ആയത് പ്രമുഖ ദിനപത്രങ്ങളിൽ നോട്ടീസ് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. തുടർന്നും ടിയാനിൽ നിന്നും നാളിതുവരെ യാതൊരു പ്രതികരണവും ലഭിച്ചിട്ടില്ല.

4. ഈ സാഹചര്യത്തിൽ, ഡോ.പി.എസ്.ജയകുമാറിനെ 1960 ലെ കെ.സി.എസ് (സി.സി & എ) ചട്ടങ്ങളിലെ ചട്ടം 11(1)(vii) പ്രകാരം, 6/5/2007 മുതൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുക എന്ന താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം പരാമർശം (8) പ്രകാരം ആരാഞ്ഞിരുന്നു.

5. ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ ടി കേസ് വിശദമായി പരിശോധിച്ച കമ്മീഷൻ 1960 ലെ കെ.സി.എസ് (സി.സി & എ) ചട്ടങ്ങളിലെ ചട്ടം 11(1)(vii) പ്രകാരം, അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്ന ഡോ.പി.എസ്.ജയകുമാറിനെ 6/5/2007 മുതൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള സർക്കാർ തീരുമാനത്തോട് യോജിക്കുകയും പരാമർശം (9) പ്രകാരം, അപ്രകാരം സർക്കാരിനെ ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ, അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്ന മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി സർജൻ ഡോ.പി.എസ്.ജയകുമാറിനെ കെ.സി.എസ് (സി.സി & എ) ചട്ടങ്ങളിലെ ചട്ടം 11(1)(vii) പ്രകാരം, 6/5/2007 മുതൽ

..............4

സർവ്വീസിൽ നിന്നും നീക്കം ചെയ്തു കൊണ്ട് ടിയാനെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**രാമൻകുട്ടി.സി**
ജോയിന്റ് സെക്രട്ടറി.

പകർപ്പ്:-

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം.
ഡോ. പി. എസ്.ജയകുമാർ, വെറ്ററിനറി സർജൻ
(മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന)
കേരള പബ്ലിക് സർവീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, ബ്രാഞ്ച് ഓഫീസ്, കൊച്ചി.
വിവര പൊതുജന സമ്പർക്ക വകുപ്പിന് ( സർക്കാർ വെബ്സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**നമ്പർ.എം.1 എസ് വിസി/37043/07/വിജി  തീയതി 22/11/2016**

സർക്കാർ സ.ഉ( കൈ) നമ്പർ 32/2016/എ.എച്ച്.ഡി തീയതി 31/10/2016 ഉത്തരവിന്റെ പകർപ്പ് താഴെപ്പറയുന്ന ഓഫീസർമാരുടെ അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി ഇതോടൊപ്പം അയയ്ക്കുന്നു.

ഒപ്പ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്;

1) ഡോ.പി.എസ് ജയകുമാർ, പൂവഞ്ചേരി ഹൗസ്, തൃക്കുമാരംകുടം, അയ്യന്തോൾ പി.ഒ, തൃശ്ശൂർ-3 (2 കോപ്പി)(രജിസ്റ്റേർഡ് വിത്ത് എ/ഡി)
2) Dr. P.S. Jayakumar, 300-Regers Road, Apthr, 114 Athens, GA 30605, USA(2 copy)(Regd with A/D) (ഉത്തരവിന്റെ ഒരു പകർപ്പിൽ കൈപ്പറ്റുരേഖയായി തീയതിവച്ച താങ്കളുടെ കൈയ്യൊപ്പ് രേഖപ്പെടുത്തി ഉചിത മാർഗ്ഗേണ ഉടൻ തിരികെ അയച്ചുതരേണ്ടതാണ്)

പകർപ്പ്:-

1) ജില്ലാമൃഗസംരക്ഷണ ഓഫീസർ, തൃശ്ശൂർ( അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി)
2) ഐ.ടി ഓഫീസർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
3) എക്സ് സെക്ഷൻ/എക്സ് സൂപ്രണ്ട്(അറിവിലേയ്ക്കും ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർക്കുന്നതിനുമായി)
4) ഡി2/ഡി4/ഡി സൂപ്രണ്ട് ( അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി)
5) ജെ സെക്ഷൻ/ജെ സൂപ്രണ്ട് (അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി)
6) പണിഷ്മെന്റ് രജിസ്റ്റർ
7) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

//അംഗീകാരത്തോടെ//

16 copy

സീനിയർ സൂപ്രണ്ട്

എം.റ്റി 23/11/2016